**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **10-03-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കുറത്തികാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കുറത്തികാട് കുടിവെള്ള പദ്ധതി എന്നാണ് ആരംഭിച്ചതെന്നും പദ്ധതിയുടെ ആരംഭകാലം മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിന് റെയിൽവേ ലൈനിന് മുകളിൽ സ്റ്റീൽ ബ്രിഡ്ജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവെയുടെയും ജലവിഭവ വകുപ്പിന്റെയും സംയുക്ത യോഗങ്ങൾ ചേർന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും സതേൺ റെയിൽവേ ഉദ്യോഗസ്ഥരും 13/04/2021 ൽ ചേർന്ന യോഗത്തിൽ നിലവിലുള്ള ROB ക്ക് സമാന്തരമായി ജലവിതരണ കുഴലുകൾക്ക് മാത്രമായി ഒരു ഓവർ ഹെഡ് സ്ട്രക്ചറൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി റെയിൽവേ അധികൃതരെ അറിയിച്ചു. 07/07/2021 ൽ ചേർന്ന യോഗത്തിൽ കല്ലുമല റെയിൽവേ ക്രോസ്സ് ചെയ്യുന്ന പ്രവൃത്തി (ചെയിനേജ് 105/600-700) സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമായി ചർച്ച ചെയ്യുകയും ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി 24/09/2021 ൽ ദക്ഷിണ റെയിൽവേ തിരുവനന്തപുരം അധികൃതരും കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി നടന്ന യോഗത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് അറിയിച്ചതിനെ തുടർന്ന് 30/09/2021 ൽ റെയിൽവേ ഉന്നത ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തുകയും കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ് ഒഴിവാക്കി അതിനു സമാന്തരമായി പഴയ ഓവർബ്രിഡ്ജ് സ്ഥിതിചെയ്യുന്ന സ്ഥലത്തുകൂടി പൈപ്പ് ലൈൻ ക്രോസ് ചെയ്യുന്നതിനുള്ള ഡിസൈൻ തയ്യാറാക്കി നൽകുവാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകി. ഇതനുസരിച്ച് വേണ്ട മണ്ണ് |

പരിശോധന നടത്തി തയ്യാറാക്കിയ ഡിസൈൻ 17/12/2021 ൽ അംഗീകാരത്തിനായി റെയിൽവേയ്ക്ക് സമർപ്പിച്ചു. റെയിൽവേ നിർദ്ദേശിച്ചതനുസരിച്ച് പുതിയ ഓൺലൈൻ ആപ്ലിക്കേഷൻ 01/02/2022 ൽ സമർപ്പിക്കുകയും തുടർന്ന് സമർപ്പിച്ച സ്റ്റീൽ സ്ട്രക്ചറിൻറെ ഡിസൈൻ പരിശോധിക്കുന്നതിനുവേണ്ടി 03/02/2022 ൽ ചെന്നൈ IIT-ക്ക് നൽകുകയും ചെയ്തു. റെയിൽവേ നിർദ്ദേശിച്ചത് പ്രകാരം പൈപ്പ് ലൈൻ ക്രോസ്സിംഗിനായി ഓവർഹെഡ് സ്ട്രക്ച്ചറൽ സ്റ്റീൽ ഓവർ ബ്രിഡ്ജിൻറെ ഡിസൈൻ തയ്യാറാക്കി IT ചെന്നൈ പ്രൂഫ് ചെക്കിംഗ് നടത്തി അംഗീകാരത്തിനായി 06/04/2022 ൽ റെയിൽവേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 19/04/2022 ൽ റെയിൽവേ അധികൃതർ നടത്തിയ സ്ഥല പരിശോധനയിൽ റെയിൽവേ ലൈൻ നാലു വരിയായി വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ നിലവിൽ സമർപ്പിച്ചിട്ടുള്ള ഓവർ ഹെഡ് സ്ട്രച്ചറൽ ബ്രിഡ്ജ് റീ ഡിസൈൻ ചെയ്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ഇതു പ്രകാരം 18/05/2022 ൽ റീ ഡിസൈൻ തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിച്ചു. 26/05/2022 ൽ റെയിൽവേ ഉന്നയിച്ച വിശദീകരണങ്ങൾക്ക് മറുപടി നൽകി. 06/06/2022 ൽ റെയിൽവേ തത്ത്വാധിഷ്ഠിത അനുമതി നൽകുകയും വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം ലഭിക്കുകയും ചെയ്തു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 18/06/2022 ൽ ദക്ഷിണ റെയിൽവേ ഡിവിഷണൽ മാനേജർക്ക് സമർപ്പിച്ചിട്ടുണ്ട്. 08/07/2022-ൽ റെയിൽവേയിൽ നിന്നും Rs. 25,38,885.00 രൂപ way leave ചാർജ്ജ് ഒടുക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചതനുസരിച്ച് 14/07/2022 ൽ ടി തുക ഒടുക്കിയിട്ടുണ്ട്. റെയിൽവേയിൽ നിന്ന് അനുമതി ലഭ്യാമയാലുടൻ കരാർ നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ശ്രീ. എം. എം. ബാബു Engineering Contractors and consultants കരാർ ഏറ്റെടുക്കുയും ചെയ്തു. മാവേലിക്കര കല്ലുമലയിൽ റെയിൽവേ മേൽപ്പാലത്തിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ അനുമതി റെയിൽവേയിൽ നിന്ന് അംഗീകരിച്ച് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്റ്റീൽ സ്ട്രക്ചറിന്റെ വെർട്ടിക്കൽ പോസ്റ്റുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേ ലൈൻ ക്രോസ്സ് ചെയ്യുന്നതിന് CRS അനുമതി കൂടി ആവശ്യമായതിനാൽ അതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ആയതിന് 17/12/2024

| | | | |
|---|---|---|---|
| | | | ൽ CRS അനുമതി ലഭിക്കുകയും ചെയ്തു. തുടർ പ്രവൃത്തികൾക്കായി ഡിവിഷണൽ എഞ്ചിനീയർ, സതേൺ റെയിൽവേ,തിരുവനന്തപുരത്തിന്റെ നിർദ്ദേശപ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തീയതിയും സമയവും നൽകുന്നതിന് അഡീഷണൽ ഡിവിഷണൽ എഞ്ചിനീയർ Kollam & SSE Pway, മാവേലിക്കരയ്ക്കും 04/02/2025 ൽ കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതവും ജൽജീവൻ മിഷൻ വിഹിതവും എത്രയെന്നും അറിയിക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ